(ബി) കേരളോത്സവം കൂടുതൽ ആകർഷകമാക്കുന്നതിന്റെ ഭാഗമായി കേരളോത്സവ വിജയികൾക്ക് സമ്മാനപണം (പ്രൈസ് മണി) നൽകാൻ തീരുമാനിച്ചു. യുവജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഇത്തവണത്തെ സംസ്ഥാനതല കേരളോത്സവം, നഗരപ്രദേശങ്ങളെ അപേക്ഷിച്ച് ഉൾപ്രദേശങ്ങളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കേരളോത്സവത്തിൽ പങ്കെടുത്ത്, ജില്ലാ/സംസ്ഥാന തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രൈസ് മണി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കേരളോത്സവം നടത്തുന്നതിന് എല്ലാ തലങ്ങളിലും രൂപീകരിക്കുന്ന സംഘാടക സമിതികൾ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതും, തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കുന്നതിന് എല്ലാ തലങ്ങളിലും ഒരു "ജൂറി ഓഫ് അപ്പീൽ" ഉണ്ടായിരിക്കുന്നതും അവരുടെ തീരുമാനങ്ങൾ അതാത് തലങ്ങളിലെ ഉത്സവത്തെ സംബന്ധിച്ച് അന്തിമമായിരിക്കുന്നതുമാണ്.

9 (*36) തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ, ബാംബൂ കോർപ്പറേഷൻ, ഖാദി ഗ്രാമവ്യവസായം എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് പ്രത്യേക ഭവന നിർമ്മാണ പദ്ധതി ആരംഭിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്ത്;

(സി) സംസ്ഥാനത്ത് പ്ലാന്റേഷൻ ബാംബുകോർപ്പറേഷൻ, ഖാദി ഗ്രാമ വ്യവസായം എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായുള്ള ഭവന നിർമ്മാണ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ഭവനനിർമ്മാണ പദ്ധതി സംസ്ഥാനത്ത് എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ഭവന നിർമ്മാണ പദ്ധതിപ്രകാരം ഓരോ ഭവനത്തിന്റെയും നിർമ്മാണത്തിനായി എന്ത് തുക വായ്പയായി നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) പ്ലാന്റേഷൻ, ബാംബൂ കോർപ്പറേഷൻ എന്നീ മേഖലകളിലെ തൊഴിലാളികൾക്ക് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന മൈത്രി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ചില അധിക ആനുകൂല്യങ്ങളോടെയും (അനുബന്ധത്തിൽ സൂചിപ്പിച്ചിരിക്കുന്നു)† ഖാദി ഗ്രാമവ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് മൈത്രീ ഭവന പദ്ധതിയുടെ വ്യവസ്ഥകൾക്ക്

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

വിധേയമായും വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്കും ഇതര ജീവനക്കാർക്കും വേണ്ടി പ്ലാന്റേഷൻ കോർപ്പറേഷൻ ഒരു ഭവനനിർമ്മാണ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരളസംസ്ഥാന ഖാദി ഗ്രാമ വ്യവസായ ബോർഡ് തൊഴിലാളികൾക്ക് 30.3.1998 മുതലും, പ്ലാന്റേഷൻ കോർപ്പറേഷൻ തൊഴിലാളികൾക്ക് 14.12.1998 മുതലും, ബാംബൂ കോർപ്പറേഷൻ തൊഴിലാളികൾക്ക് 8.3.1999 മുതലും ഭവനവായ്പ അനുവദിക്കുന്നതിനുള്ള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതി നിലവിൽവന്നു. പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്കുള്ള കൃഷിവകുപ്പിന്റെ പദ്ധതി 1999 ജനുവരി ഒന്നു മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) മൈത്രി നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ചില അധിക ആനുകൂല്യങ്ങൾ നൽകിയാണ് ഈ മൂന്നു സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് വായ്പ അനുവദിക്കുന്നത്. മൈത്രി നിക്ഷേപപദ്ധതിയുടെ നിബന്ധനകളും മറ്റ് വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.† പ്ലാന്റേഷൻ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതിയിൽ 5 വർഷത്തെ സേവന ദൈർഘ്യമുള്ള ജീവനക്കാരന് 50 മാസത്തെ അടിസ്ഥാനശമ്പളമോ ഒരു ലക്ഷത്തിഇരുപത്തിയ്യായിരം രൂപയോ അല്ലെങ്കിൽ അപേക്ഷിക്കുന്ന തുകയോ ഏതാണോ കുറവ് ആ തുക വായ്പയായി അനുവദിക്കുന്നതാണ്. ഈ വായ്പ ലഭിക്കുന്ന ജീവനക്കാരനോ അയാളുടെ ഭാര്യ/ഭർത്താവ്/കുട്ടികൾ എന്നിവർക്കോ സ്വന്തമായി വീടുണ്ടാവാൻ പാടില്ല. ഇങ്ങനെ അനുവദിക്കുന്ന വായ്പ അപേക്ഷകന്റെ ബാക്കി നിൽക്കുന്ന സർവ്വീസ് കാലം കണക്കാക്കി പരമാവധി 216 മാസതവണകളായി മുതലും പലിശയും ചേർത്ത് തിരിച്ചുപിടിക്കുന്നതാണ്. ഈ വായ്പയ്ക്ക്, 12% പലിശ ഈടാക്കുന്നതാണ്.

(ഡി) ഭവന നിർമ്മാണ ബോർഡ് മൈത്രി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നവയും, പ്ലാന്റേഷൻ കോർപ്പറേഷൻ നടപ്പിലാക്കുന്നവയുമായ പദ്ധതികൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(ഇ) പ്രസ്തുത പദ്ധതിപ്രകാരം ഓരോ ഭവനത്തിനും 28000/- രൂപാ വീതം ഭവന നിർമ്മാണ ബോർഡ് നൽകുന്നു. ഇതിൽ 19000/- വായ്പയും 9000/- രൂപാ സർക്കാർ സബ്സിഡിയും ആയിരിക്കും. കൂടാതെ പ്ലാന്റേഷൻ കോർപ്പറേഷനിൽ 5 വർഷത്തെ സേവനദൈർഘ്യമുള്ള ജീവനക്കാരന് 50 മാസത്തെ അടിസ്ഥാനശമ്പളമോ ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപയോ അല്ലെങ്കിൽ അപേക്ഷിക്കുന്ന തുകയോ ഏതാണ് കുറവ് ആ തുക വായ്പയായി അനുവദിക്കുന്നതാണ്.

10 (*37) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :

† അനുബന്ധം II (എ)

LIBRARY ARCHIVES Kerala Legislative Assembly

account of VEC Chairman and Member Secretary. The Member Secretary will maintain a proper account register to watch the flow of money.

SCHOOL LEVEL COMMITTEE

This committee is constituted as follows.

Chairman : Prominent educationalist or social worker in the locality of school to be decided by the PTA and MTA Presidents jointly.

Vice Chairman	:	1) PTA President
		2) MTA President
Member Secretary	:	School HM
Members	:	1) PTA Executive Committee members
		2) MTA Executive Committee Members
		3) Panchayath Ward Members
		4) Two representatives of the locality

The nomination of the non-official members will be made by the Chairman. The term of the non-official members shall be two school years. A non-official member who do not attend three consecutive meeting shall cease to be a member. Every meeting shall be presided over by the chairman and in his absence by the PTA president of the school, in the absence of the above two, the meeting shall be presided over by the MTA President. One third of the members of the committee present in person shall constitute the quorum and no quorum is required in the case of an adjourned meeting. The committee will meet once every month. They will look after implementation of dPEP activities at school level and make suggestions to VECs.

അനുബന്ധം II

22.6.1999-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 9 (* 36) ദയവായി കാണുക.

മൈത്രീഭവന പദ്ധതിയുടെ നിബന്ധനകളും വിശദാംശങ്ങളും

പ്രതിമാസം 1800/- രൂപ വരെ കുടുംബവരുമാനമുള്ളവരും വാസയോഗ്യമായ വീടില്ലാത്തവരും എന്നാൽ വീട് നിർമ്മിക്കുവാൻ അനുയോജ്യമായ ഭൂമി സ്വന്തമായി ഉള്ളവരുമായ ദുർബല വിഭാഗത്തിൽപ്പെട്ട ആളുകൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഈ പദ്ധതിപ്രകാരം വായ്പ ലഭിക്കുന്നതിന് താഴെ പറയുന്ന രേഖകളാണ് ഹാജരാക്കേണ്ടത്.

1. വില്ലേജ് ഓഫീസർ നൽകുന്ന വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്.
2. വീടില്ലെന്നു തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ/പഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ്.
3. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്/റേഷൻകാർഡിന്റെ നിർദ്ദിഷ്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. കെട്ടിട നിർമ്മാണ ലൈസൻസ്/നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നും ലഭിച്ചത്).
5. അപേക്ഷകൻ ഒപ്പിട്ട ലൊക്കേഷൻ മാപ്പ്.

LIBRARY ARCHIVES Kerala Legislative Assembly

മൈത്രീ നിക്ഷേപ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 12500/- രൂപ നിരക്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ, വ്യക്തികളോ, സന്നദ്ധ സംഘടനകളോ ഗുണഭോക്താക്കൾ നേരിട്ടോ ബോർഡിൽ അടച്ചാൽ കൈവ ശാവകാശ രേഖയുടെ അടിസ്ഥാനത്തിൽ 28000/- രൂപ വായ്പ അനുവദിക്കു ന്നതും നിശ്ചിത കരാറിൽ ഏർപ്പെട്ടശേഷം ഗുണഭോക്താവിനെ തിരിച്ചട വിൽനിന്നും വിമുക്തമാക്കുന്നതുമാണ്. വീടിന്റെ അസ്ഥിവാരത്തിന്റെയും അടി ത്തറയുടെയും പണി പൂർത്തിയാക്കുമ്പോൾ ഒന്നാം ഗഡുവായി 9000/- രൂപയും കൂരമട്ടംവരെ പണി പൂർത്തിയാക്കുമ്പോൾ രണ്ടാം ഗഡുവായി 10000/- രൂപയും കൂരപ്പണി പൂർത്തിയാക്കുമ്പോൾ മൂന്നാം ഗഡുവായി 9000/- രൂപയും നിശ്ചിത സ്റ്റേജ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന മുറയ്ക്ക് അനുവ ദിക്കുന്നു.

ഖാദി ഗ്രാമവ്യവസായ ബോർഡിലെ തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ നിബന്ധനകൾക്കനുസരിച്ചാണ് വായ്പ അനുവദിക്കുന്നത്.

പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ വ്യവ സ്ഥകളിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

1. പ്ലാന്റേഷൻ കോർപ്പറേഷനിലെ തൊഴിലാളിയല്ലാത്ത കുടും ബാംഗത്തിന്റെ പേരിലാണ് വസ്തുവെങ്കിലും കൈവശാവകാശ സർട്ടിഫിക്ക റ്റിന്റെ അടിസ്ഥാനത്തിൽ വായ്പ അനുവദിക്കുന്നതാണ്. (അപേക്ഷകന് സ്വന്തം പേരിൽ ഭൂമി വേണമെന്ന നിബന്ധനയിൽ മാറ്റം വരുത്തി.)

2. ഫോട്ടോയും റേഷൻകാർഡിന്റെ പകർപ്പും ഗസറ്റഡ് ഉദ്യോഗ സ്ഥർ സാക്ഷ്യപ്പെടുത്തുന്നതിനുപകരം പ്ലാന്റേഷൻ കോർപ്പറേഷനിലെ എസ്റ്റേറ്റ് മാനേജർമാർ സാക്ഷ്യപ്പെടുത്തിയാൽ മതി.

3. വായ്പ തുകയ്ക്കുള്ള ചെക്ക് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നതിനു പകരം മൊത്തമായി ടി കോർപ്പറേഷന്റെ പേരിൽ നൽകുന്നു.

ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികൾക്ക് മൈത്രീ ഭവന പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നതിന് വ്യവസ്ഥകളിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

1. 12500/- രൂപ മുൻകൂറായി നിക്ഷേപിക്കുന്നതിനുപകരം 5000/- രൂപ നിരക്കിൽ ബാംബൂ കോർപ്പറേഷൻ മുൻകൂറായി അടയ്ക്കേണ്ടതും ബാക്കി നിക്ഷേപത്തുക ഓരോ ഗുണഭോക്താവിനും നൽകുന്ന വായ്പയുടെ ഒന്നും രണ്ടും ഗഡുക്കളിൽനിന്നും 4000, 3500/- രൂപാ ക്രമത്തിൽ കുറവു ചെയ്തശേഷം ഗുണഭോക്താക്കൾക്ക് ബാക്കി തുക നൽകുന്നതാണ്.

2. വായ്പത്തുകയ്ക്കുള്ള ചെക്ക് ഗുണഭോക്താക്കൾക്ക് നേരിട്ട് നൽ കുന്നതിനുപകരം മൊത്തമായി ബാംബൂ കോർപ്പറേഷന്റെ പേരിൽ നൽകുന്നു.

3. വില്ലേജ് ഓഫീസർ നൽകുന്ന കെട്ടിട നിർമ്മാണ സർട്ടിഫിക്ക റ്റിന്റെ അടിസ്ഥാനത്തിൽ വായ്പയുടെ ഒന്നാം ഗഡുവും എം.പി., എം.എൽ.എ., ഹൗസിംഗ് ബോർഡ് നിയുക്ത ഉദ്യോഗസ്ഥർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സെക്രട്ടറി/ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് മെമ്പർമാർ, കോർപ്പ റേഷൻ/മുനിസിപ്പൽ കൗൺസിലർമാർ, ഹൗസിംഗ് ബോർഡ് മെമ്പർമാർ, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റുമാർ, അഗ്രികൾച്ചറൽ റൂറൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് പ്രസിഡന്റുമാർ എന്നിവരിൽ ആരെങ്കിലും നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വായ്പയുടെ രണ്ടും മൂന്നും ഗഡുക്കൾ അനുവദിക്കുന്നതാണ്. എന്നാൽ ബാംബൂ കോർപ്പറേഷ നിലെ ഗുണഭോക്താക്കൾക്ക് വായ്പയുടെ ഒന്നും രണ്ടും ഗഡുക്കൾക്കുള്ള സ്റ്റേജ് സർട്ടിഫിക്കറ്റുകൾ കോർപ്പറേഷനു നൽകാവുന്നതും മൂന്നാം ഗഡുവി

LIBRARY ARCHIVES Kerala Legislative Assembly

നുള്ള സ്റ്റേജ് സർട്ടിഫിക്കറ്റ് മൈത്രീ പദ്ധതിയിൽ സ്റ്റേജ് സർട്ടിഫിക്കറ്റു നൽകാൻ അധികാരപ്പെടുത്തിയിട്ടുള്ളവർ നൽകേണ്ടതുമാണ്.

അനുബന്ധം - III (a)

22.6.1999-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 9 (153) ദയവായി കാണുക.

പട്ടികജാതി കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം

ക്രമ നം.	ജില്ല	കോളനികളിലെ കുടുംബങ്ങളുടെ എണ്ണം
1.	തിരുവനന്തപുരം	31414
2.	കൊല്ലം	16408
3.	പത്തനംതിട്ട	19666
4.	ആലപ്പുഴ	14103
5.	കോട്ടയം	6255
6.	ഇടുക്കി	4328
7.	എറണാകുളം	24018
8.	തൃശ്ശൂർ	16147
9.	പാലക്കാട്	18455
10.	മലപ്പുറം	29155
11.	കോഴിക്കോട്	14293
12.	വയനാട്	1189
13.	കണ്ണൂർ	7729
14.	കാസർഗോഡ്	7586
	ആകെ	210746

അനുബന്ധം - III (b)

1991-ൽ സെൻസസ് പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം

ക്രമ നം.	ജില്ല	കുടുംബങ്ങളുടെ എണ്ണം
1.	തിരുവനന്തപുരം	4059
2.	കൊല്ലം	925
3.	പത്തനംതിട്ട	1647
4.	ആലപ്പുഴ	651
5.	കോട്ടയം	3999
6.	ഇടുക്കി	11516
7.	എറണാകുളം	1212
8.	തൃശ്ശൂർ	967
9.	മലപ്പുറം	2363
10.	പാലക്കാട്	8610
11.	വയനാട്	23287
12.	കോഴിക്കോട്	1215
13.	കണ്ണൂർ	3635
14.	കാസർഗോഡ്	5355

204/2010.

LIBRARY ARCHIVES Kerala Legislative Assembly